**വിദേശത്തുള്ള ഭാരതീയ വിദ്യാർത്ഥികളുടെ വാസപദവി പുതുക്കി**

ഡിസംബർ 8, 2003

തങ്ങളെ ഫെമ (FEMA) പ്രകാരം പ്രവാസികളായി കണക്കാക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് വിദേശത്ത് പഠിക്കുന്ന ഭാരതീയ വിദ്യാർത്ഥികളിൽ നിന്നും ആർ.ബി.ഐ യ്ക്ക് ഹരജികൾ ലഭിക്കുന്നുണ്ട്. തങ്ങൾ വിദ്യാർത്ഥികളാണെങ്കിലും ചെലവിൽ വലിയൊരു പങ്കിനും ഭാരതത്തിലുള്ള കുടുംബാംഗങ്ങളെ ആശ്രയിക്കുന്നില്ല എന്നതാണ് അവരുടെ വാദം. പലപ്പോഴും തങ്ങൾക്ക് ജോലി ചെയ്യാനുള്ള അനുവാദം ലഭിക്കുന്നുണ്ടെന്നും, അതുമായി ബന്ധപ്പെട്ട സാമ്പത്തിക വ്യവഹാരങ്ങൾ നടത്തേണ്ടി വരുന്നുണ്ടെന്നും - അവർ പറയുന്നു. അതുകൊണ്ട്, നിർവ്വചനം പുതുക്കണമെന്നാണ് അവരുടെ ആവശ്യം

ഫെമ (FEMA) പ്രകാരം നിവാസി എന്നതിന്റെ നിർവ്വചനവും സ്ഥിരവാസത്തിനല്ലെങ്കിലും വിദ്യാർത്ഥിക്ക് അനിശ്ചിതകാലത്തേക്ക് വിദേശത്ത് വസിക്കേണ്ടിവരുന്നു എന്നതും പരിഗണിച്ച് ഫെമയുടെ ദൃഷ്ടികോണിൽ ഇനി മുതൽ അവരെ പ്രവാസികളായി കണക്കാക്കാൻ തീരുമാനിച്ചിരിക്കുന്നു. ഏതായാലും പ്രവാസികൾ എന്ന നിലയ്ക്ക് വിദ്യാർത്ഥികൾ ഭാരതത്തിൽ നിന്നും ഇനി പറയുന്ന തരം പണം വരവുകൾ സ്വീകരിക്കാൻ അർഹരായിരിക്കും:

(i) ഭാരതത്തിലെ അടുത്ത ബന്ധുക്കളിൽ നിന്നും പഠനങ്ങൾക്കുള്ള പണമടവുകളും ഉൾപ്പെടെ 100,000 യു എസ് ഡോളർ വരെ ജീവിതച്ചെലവിന് സ്വീകരിക്കാം.

(ii) ഭാരതത്തിൽ ഏതെങ്കിലും അംഗീകൃത വർത്തകനുമായി നിലവിലുള്ള അക്കൗണ്ടിലുള്ള, വിൽപ്പനവഴിയുള്ളതോ അതിൽ ബാക്കിയാകുന്നതോ ആയ തുകയിൽ നിന്നും 1 മില്ല്യൻ യു.എസ് ഡോളർ വരെ സ്വീകരിക്കാം.

(iii) ഫെമ പ്രകാരം പ്രവാസികൾക്ക് ലഭ്യമാകുന്ന മറ്റ് എല്ലാ സൗകര്യങ്ങളും സ്വീകരിക്കാം.

(iv) (ഭാരതത്തിൽ വസിക്കുമ്പോൾ) നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസ വായ്പയടക്കമുള്ള മറ്റ് വായ്പകൾ തുടർന്നും സ്വീകരിക്കാം.

ഈ നിർദ്ദേശങ്ങൾ വിദ്യാർത്ഥികൾക്ക് ഇപ്പോൾ അവരുടെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വേണ്ടുന്ന വിദേശവിനിമയ പണമടവ് സൗകര്യങ്ങൾ ഉപയോഗിക്കുന്നതിൽ യാതൊരു കുറവും വരുത്തുന്നില്ലെന്നും ഇതിനാൽ വ്യക്തമാക്കുന്നു.

അജിത് പ്രസാദ്
കാര്യദർശി

പത്രക്കുറിപ്പ് 2003-04/710